# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5082

06.02.2014-ൽ മറുപടിക്ക്

### മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന/വിദേശ ബോട്ടുകൾ/ട്രോളറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| കേരള തീരത്തുനിന്നും മത്സ്യബന്ധനം നടത്തുന്നതിന് അന്യസംസ്ഥാന വിദേശ ബോട്ടുകൾക്കും ട്രോളറുകൾക്കും അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | കടലിലെ 12 നോട്ടിക്കൽ മൈൽ (22 കി.മീ) ടെറിട്ടോറിയൽ വാട്ടേഴ്സാണ് കേരളത്തിന്റെ അധികാര പരിധിയിലുള്ളത്. പ്രസ്തുത പരിധിക്കകത്തെ മത്സ്യബന്ധനവും ബന്ധപ്പെട്ട കാര്യങ്ങളും നിയന്ത്രിക്കുന്നതും ക്രമീകരിക്കുന്നതും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങളിലെയും അതിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ്. അന്യസംസ്ഥാന ബോട്ടുകൾക്ക് ഈ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് 10,000/- രൂപ യൂസർഫീ ഈടാക്കി വരുന്നു. പ്രസ്തുത പരിധിക്കുള്ളിൽ വിദേശ ബോട്ടുകൾക്കും, ട്രോളറുകൾക്കും മത്സ്യബന്ധനത്തിന് അനുമതി നൽകാറില്ല. 12 നോട്ടിക്കൽ മൈൽ കഴിഞ്ഞുള്ള പ്രദേശത്ത് മത്സ്യബന്ധനം നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് ലെറ്റർ ഓഫ് പെർമിറ്റ് മുഖേന വിദേശ ട്രോളറുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നതും കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ